C2/150/2024-LBRD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - സംസ്ഥാനത്തെ വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ. കളിലെ ട്രെയിനികൾക്ക് ശനിയാഴ്ച ദിവസങ്ങളിൽ അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി). വകുപ്പ്

സ.ഉ.(സാധാ) നം.1233/2024/LBR തീയതി,തിരുവനന്തപുരം, 28-11-2024

---

പരാമർശം:- 1. ട്രെയിനിംഗ് ഡയറക്ടറുടെ 27-11-2024 ലെ ഡി.റ്റി/2375/2024—F3 നം. കത്ത്.

2. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ട്രെയിനീസ് കൗൺസിൽ ജനറൽ സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച 12-11-2024 ലെ നിവേദനം.

<u>ഉത്തരവ്</u>

ക്രാഫ്റ്റ്മാൻ ട്രെയിനിങ് സ്കീമിലെ കരിക്കുലത്തിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിങ് (DGT) സമീപകാലത്തായി നടത്തിയ പരിഷ്കരങ്ങളിൽ ഐ.ടി.ഐ കളിലെ വാർഷിക പരിശീലന സമയത്തിൽ കുറവ് വന്നിട്ടുള്ളതും ഓൺ ദി ജോബ് ട്രെയിനിങ്/ പ്രോജക്ട് വർക്ക് നിർബന്ധിതമാക്കിയും, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിങ് (NIOS) വഴി ഐ.ടി.ഐ പഠനത്തോടൊപ്പം പ്ലസ് ടു യോഗ്യത നേടാനുള്ള അവസരം/ അല്ലെങ്കിൽ ഹ്രസ്വകാല /ഷോർട്ട് ടേം കോഴ്സുകളിൽ പഠനത്തിനുള്ള അവസരവും വിഭാവനം ചെയ്യത്തക്ക വിധത്തിൽ പുതുക്കി നിശ്ചയിട്ടുള്ളതുമായ സാഹചര്യങ്ങൾ പരിഗണിച്ച് സംസ്ഥാനത്തെ വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ. കളിലെ ട്രെയിനികൾക്ക് എല്ലാ ശനിയാഴ്ചയും അവധി ലഭ്യമാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് പരാമർശം (1) പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായി. പുതുക്കിയ ഐ.റ്റി.ഐ കരിക്കുലം അനുസരിച്ച് ഐ.ടി.ഐ കളിലെ വാർഷിക പരിശീലന സമയം 1600 മണിക്കൂറിൽ നിന്നും 1200 മണിക്കൂറായി ചുരുക്കിയിട്ടുള്ളതും, ആയതിൽ കാലഹരണപ്പെട്ട ഭാഗങ്ങൾ നീക്കിക്കൊണ്ടും, നൂതന വ്യവസായ മേഖലയ്ക്ക് അനുയോജ്യമായി പരിഷ്കരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ശനിയാഴ്ച ദിവസങ്ങളിലെ ക്ലാസുകൾ ഒഴിവാക്കിക്കൊണ്ട് ഐ.ടി.ഐ കളുടെ സമയക്രമം പുനഃക്രമീക്രിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ട്രെയിനീസ് കൗൺസിലും പരാമർശം (2) പ്രകാരം സർക്കാരിലേക്ക് നിവേദനം സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ട്രെയിനീസ് കൗൺസിലിന്റെ നിവേദനത്തിലെ ആവശ്യവും ട്രെയിനിങ് ഡയറക്ടറുടെ ശിപാർശയും പരിഗണിച്ച് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സംസ്ഥാനത്തെ വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ. കളിലെ ട്രെയിനികൾക്ക് എല്ലാ ശനിയാഴ്ചയും അവധി അനുവദിച്ചുകൊണ്ടും, ഐ.ടി.ഐ ട്രെയിനികൾക്ക് ശനിയാഴ്ച അവധി നിശ്ചയിക്കുന്നതിലൂടെ നഷ്ടപ്പെടുന്ന പഠനസമയം ഒഴിവാക്കുന്നതിന് ഷിഫ്റ്റുകളുടെ സമയക്രമം താഴെപ്പറയും പ്രകാരം പുനർനിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആദ്യ ഷിഫ്റ്റ്: 7.30 am — 3.00 pm

രണ്ടാം ഷിഫ്റ്റ്: 9.00 am - 5.30 pm

അവധി നൽകുന്ന ശനിയാഴ്ചകൾ താഴെ പറയുന്ന കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

i) വിവിധങ്ങളായ അവധി കാരണമോ മറ്റോ ട്രെയിനികൾക്ക് നഷ്ടപ്പെടുന്ന പഠനത്തിനും ഷോപ്പ്ഫ്ളോർ പരിശീലനത്തിനും ശനിയാഴ്ചകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

ii) പ്രകൃതി ക്ഷോഭം മൂലമോ മറ്റു അപ്രതീക്ഷിത സംഭവങ്ങൾ മൂലമോ ഏതെങ്കിലും പരിശീലന ദിവസം നഷ്ടപ്പെട്ടാൽ, പരിശീലന ഷെഡ്യൂളിൽ നിർണയിച്ചിട്ടുള്ള പ്രാക്ടിക്കലുകൾ/ക്ലാസുകൾക്ക് തുടർച്ചയും ഷെഡ്യൂൾ പ്രകാരമുള്ള സമയ ക്ലിപ്തതയും പാലിക്കുന്നതിന് പ്രവൃത്തിദിനമായി ശനിയാഴ്ച പ്രവർത്തിക്കുന്നതാണ്.

iii) അധിക നൈപുണ്യ ശേഷി നേടാൻ താൽപ്പര്യമുള്ള ട്രെയിനികൾക്കായി ശനിയാഴ്ചകളിൽ ഹ്രസ്വകാല പരിശീലന (എസ്.ടി.ടി) കോഴ്സുകൾ നടത്തേണ്ടതാണ്.

iv) സ്റ്റാഫ് മീറ്റിംഗുകൾ, പി.റ്റി.എ. മീറ്റിംഗുകൾ മറ്റു അഡ്മിനിസ്ട്രേറ്റീവ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി വിനിയോഗിക്കേണ്ടതാണ്.

v) പാഠ്യേതര, സാംസ്കാരിക പ്രവർത്തനങ്ങൾ ശനിയാഴ്ചകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

vi) ഇൻസ്ട്രക്ടർമാർ ശനിയാഴ്ചകളിൽ ട്രെയിനികളുടെ റെക്കോർഡ് ബുക്കുകൾ പരിശോധന, മൂല്യനിർണ്ണയം, പ്രോജക്ട് മേൽനോട്ടം, മെഷീൻ മെയിന്റനൻസ്, പരിശീലന ദിവസങ്ങളിലേക്ക് ആവശ്യമായ ഇൻസ്ട്രക്ഷണൽ മെറ്റീരിയൽസും മറ്റ് ട്രെയിനിംഗ് എയിഡ്സും തയ്യാറാക്കൽ, ഓപ്ഷണൽ കോഴ്സുകളിൽ എൻറോൾ ചെയ്തിരിക്കുന്ന ട്രെയിനികൾക്കുള്ള STT ക്ലാസുകളുടെ മേൽനോട്ടം, ചോദ്യപേപ്പറുകൾ തയ്യാറാക്കൽ, വകുപ്പ് നിർദ്ദേശിക്കുന്ന ToT പ്രോഗ്രാമുകളിൽ പങ്കെടുക്കൽ, ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ നടത്തുന്ന മോഡൽ ക്ലാസുകളിൽ പങ്കെടുക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി ശനിയാഴ്ചകൾ ഉപയോഗിക്കേണ്ടതാണ്.

മേൽ ഉത്തരവാദിത്തങ്ങൾ ശനിയാഴ്ചകളിൽ കൈകാര്യം ചെയ്യുന്നതും പരിശീലനത്തിന്റെ നിലവാരവും വർക്ക്ഷോപ്പുകളിലും ക്ലാസ്റൂമുകളിലും സമയത്തിന്റെ ശരിയായ പ്രയോജനപ്പെടുത്തലും സംബന്ധിച്ചവ ട്രെയിനിങ് ഡയറക്ടറും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരും ഉറപ്പാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
Date: 28-11-2024 15:24:32
സെക്ഷൻ ഓഫീസർ

പകർപ്പ് - പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

മേലെഴുത്ത് നമ്പർ DT/2375/2024-F3 തീയതി 30.11.2024

സർക്കാർ ഉത്തരവ് അറിവിലേക്കും തുടർ നടപടികൾക്കുമായി.

അഡീഷണൽ ഡയറക്ടർ

സ്വീകർത്താവ്:
1) എല്ലാ സ്ഥാപന മേധാവികൾക്കും
2) വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - സംസ്ഥാനത്തെ വ്യാവസായിക പരിശീലന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ. കളിലെ ട്രെയിനികൾക്ക് എല്ലാ ശനിയാഴ്ചയും അവധി അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിലെ രണ്ടാം ഷിഫ്റ്റ് പ്രവർത്തന സമയത്തിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**1240/2024/LBR** തീയതി,തിരുവനന്തപുരം, **30-11-2024**

---

പരാമർശം:- **28.11.2024** ലെ സ.ഉ.(സാധാ)നം.**1233/2024/LBR**

**ഉത്തരവ്**

സൂചനയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള ഐ.റ്റി.ഐ. ട്രെയിനികളുടെ രണ്ടാം ഷിഫ്റ്റിലെ സമയക്രമം **10 am** മുതൽ **5.30 pm** വരെയാണ് എന്ന് തിരുത്തൽ വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശിത സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Abhilash S S
Date: 30-11-2024 13:26:46
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ DT/2375/2023 - F3 തീയതി. 30.11.2024
സർക്കാർ ഉത്തരവ് അറിവിലേക്കും തുടർ നടപടികൾക്കുമായി.

സ്വീകർത്താവ്: 1) എല്ലാ സ്ഥാപന മേധാവികൾക്കും
2) വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

അഡീഷണൽ ഡയറക്ടർ